## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2496 — 20.06.2012-ൽ മറുപടിയ്ക്ക്

**കെ.റ്റി.ഡി.സി യുടെ ടൂറിസം വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) | കേരള ടൂറിസം വികസന കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് നടന്നുവരുന്ന ടൂറിസം വികസനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ബേക്കൽ, മുഴുപ്പിലങ്ങാട്, കോഴിക്കോട്, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലുള്ള ഹോട്ടൽ പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ നടപടി എടുത്തു വരുന്നു. നിലവിലെ പ്രവർത്തനങ്ങൾ ഒരു ഏജൻസിയെക്കൊണ്ട് പഠിക്കുന്നതിനും കാര്യക്ഷമമായി നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ എടുത്തു. നിലവിലുള്ള ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സൗന്ദര്യവത്ക്കരണം നടത്തുന്നതിനും വേണ്ട നടപടികൾ ആലോചിക്കുന്നുണ്ട്. തൊഴിലാളികൾക്ക് ഉയർന്ന നിലവാരത്തിലുള്ള പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.ബോൾഗാട്ടി, കുമരകം, തണ്ണീർമുക്കം എന്നീ സ്ഥലങ്ങളിൽ കായൽ വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ ലാഭകരമാക്കുന്നതിനായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്; | (ബി) | 2011-12 സാമ്പത്തിക വർഷത്തിൽ (ഓഡിറ്റ് ചെയ്യാത്ത കണക്ക് പ്രകാരം) 47.13 ലക്ഷം രൂപ ലാഭത്തിലാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. |

(സി) കെ.റ്റി.ഡി.സി യുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കെ.ടി.ഡി.സിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനു വേണ്ടി ഉപഭോക്താക്കളുടെ പ്രതീക്ഷകളു-മായി താരതമ്യം ചെയ്ത് കെ.ടി.ഡി.സി. സ്ഥാപനങ്ങളുടെ സർവ്വീസിന്റെ പോരായ്മ-കൾ പഠിക്കുന്നതിനും പുതിയ ഉയർന്ന നിലവാരത്തിലുള്ള വ്യത്യസ്തമായ ഉൽപ്പന്ന-ങ്ങളുടെ സാധ്യതകളെക്കുറിച്ച് പഠനം നടത്താനും ആലോചിക്കുന്നുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനത്തിലെ കരാർ തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

(ഡി) കെ.ടി.ഡി.സിയുടെ ഭൂരിപക്ഷം കരാർ തൊഴിലാളികൾക്കും മിനിമം വേതനം നൽകി വരുന്നുണ്ട്. ബാക്കിയുള്ളവർക്കും മിനിമം വേതനം നടപ്പിലാക്കാൻ നടപടികൾ എടുത്തു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ